(ബി) ഹോൾസെയിൽ പർച്ചേസ് നടത്തുന്നതിന്റെ ഫലമായി കിട്ടുന്ന വിലക്കുറവിന്റെ പ്രയോജനവും ഗവൺമെന്റ് നൽകുന്ന സബ്സിഡിയുടെ പ്രയോജനവും ജനങ്ങളിലേക്ക് പകർന്നുകൊണ്ട് മാർജിൻഫ്രീ മാർക്കറ്റുകളുമായി വിജയകരമായി മത്സരിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന് വമ്പിച്ച പ്രചാരണം നൽകുമോ;

(ഡി) ഗവൺമെന്റ് സമയമനുസരിച്ച് പ്രവർത്തിപ്പിക്കുന്ന രീതി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഒരു ബിസിനസ് സ്ഥാപനമായി പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെകീഴിൽ 870 മാവേലി സ്റ്റോറുകളും 184 ശബരി സൂപ്പർ മാർക്കറ്റുകളും 46 മാവേലി മെഡിക്കൽ സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സപ്ലൈകോ ശബരി സ്റ്റോർ എന്ന പേരിൽ തെരഞ്ഞെടുത്ത 1400 റേഷൻകടകൾവഴി മാവേലി സ്റ്റോറിലെ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. 947 ശബരി സ്റ്റോറുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. ശബരി തേയില, ശബരി കറി പൗഡറുകൾ, ശബരി ഉപ്പ് എന്നിവയ്ക്കു പുറമേ ശബരി വെളിച്ചെണ്ണയും ശബരി പാമോലിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണിയിൽ ഇറക്കിക്കഴിഞ്ഞു. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയുടെ ബ്രാൻഡ് നെയിമിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഇവ വിദേശരാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രചാരണം നൽകുന്നുണ്ട്.

(ഡി) ബിസിനസ് സ്ഥാപനമായാണ് പ്രവർത്തിക്കുന്നത്.

ഓണക്കാലത്ത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമുഖേനയുള്ള ആനുകൂല്യങ്ങൾ

30 [3452] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വരുന്ന ഓണക്കാലത്ത് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുമുഖേന സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ഏതു വിധേനയാണ് ഗ്രാമീണ ജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആനുകൂല്യങ്ങൾ ഓണത്തിന് 10 ദിവസം മുൻപ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വരുന്ന ഓണക്കാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് സംസ്ഥാനത്ത് ലഭ്യമാക്കുവാൻ വിപുലമായ നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സിറ്റി കോർപ്പറേഷനുകളിൽ രണ്ടാഴ്ചക്കാലം നീണ്ടുനിൽക്കുന്ന 5 മെട്രോ ഫെയറുകളും മറ്റ് ഒൻപത് ജില്ലാ ആസ്ഥാനങ്ങളിലും എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലും 10 ദിവസം നീണ്ടുനിൽക്കുന്ന പത്ത് ജില്ലാ ഫെയറുകളും മുനിസിപ്പൽ താലൂക്ക് ആസ്ഥാനങ്ങളിൽ അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ഓണച്ചന്തകളും നടത്തുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

ഈ വിൽപ്പനകേന്ദ്രങ്ങളിലൂടെ നിത്യോപയോഗസാധനങ്ങളും പച്ചക്കറികളും പൊതുകമ്പോളത്തിലെ വിലയെക്കാൾ വില കുറച്ചാണ് വിൽപ്പന നടത്തുന്നത്. കൂടാതെ, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സ്ഥിരം വിപണന കേന്ദ്രങ്ങളായ മാവേലിസ്റ്റോറുകൾ, ശബരി സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, ശബരി സ്റ്റോറുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നിവവഴിയും എല്ലാ നിത്യോപയോഗസാധനങ്ങളും പൊതുവിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ വിപണനം നടത്തിവരുന്നു.

(ബി) ശബരി സ്റ്റോറുകൾ, ഓണച്ചന്തകൾ എന്നിവ മുഖേന പച്ചക്കറികളും പലവ്യഞ്ജനങ്ങളും റേഷൻകടകൾവഴി പഞ്ചസാരയും വിതരണം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) ഈ ആനുകൂല്യങ്ങൾ ഓണത്തിന് മുൻപായിത്തന്നെ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly